പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)

## നാല്പത്തിയേഴാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-08)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തിയേഴാമത് റിപ്പോർട്ട്

**[സമിതി (2006-08)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**[സമിതി 2006-08-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

5/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 17 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം നാൽപ്പത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-08) പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)-യുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)-യുടെ 12-ാമത് റിപ്പോർട്ട് 2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 22 ശിപാർശകളാണ് ഉള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 7-5-2008, 5-11-2008, 13-8-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ ഖണ്ഡിക 11, 58, 75, 78, 87, 107 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി. ഖണ്ഡിക 58-ലെ ശിപാർശയിന്മേൽ 13-8-2014-ലെ സമിതിയോഗം അധികവിവരം ആരാഞ്ഞുവെങ്കിലും ആയതിന് സർക്കാർ മറുപടി ലഭ്യമായിട്ടില്ല. റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം അവയ്ക്ക് സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സർക്കാരിൽനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ, സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് സർക്കാർ നൽകിയ മറുപടിയുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് നൽകിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ഖണ്ഡികകളിലെ ശിപാർശകളും ആയവയിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും സർക്കാർ സ്വീകരിച്ച നടപടിയും തുടർശിപാർശകളും

### ഖണ്ഡിക നമ്പർ 28

### ശിപാർശ

1.1.1 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് എല്ലാ ഫയലുകളും പരിശോധിച്ച് ഒരു ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശപ്രകാരം അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എസ്. പി. രാജൻ ഒരു മേൽനടപടിയും സ്വീകരിച്ചതായി

കാണുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോപമായി സമിതി കാണുന്നു. പുനഃപരിശോധനാ റിപ്പോർട്ടിൽ തുക വിനിയോഗിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും ആഡിറ്റിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതിനായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

1.1.2 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സി.1/കെ.വി.പി./368/06 തീയതി 7-6-2007 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

<u>വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേലുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.1.3 തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-6-2007-ലെ സി.1/കെ.വി.പി/368/06 കത്ത് പ്രകാരമുള്ള ഫയലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടും (29-1-2005) പരിശോധിച്ചതിൽനിന്നും ഫയലുകൾ 30-9-2005-ൽ സെക്രട്ടറി പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലുകൾ തന്നെയാണെന്നും പ്രസ്തുത ഫയലുകൾ പരിശോധിച്ചതിന്റെ റിപ്പോർട്ട് 10-10-2005-ൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്മേൽ യാതൊരുവിധ തുടർനടപടികളും സ്വീകരിക്കാതെ പൂർത്തിയാക്കാൻ ബാക്കിയുള്ള മൂന്ന് മരാമത്തു പ്രവൃത്തികൾ സംബന്ധിച്ചുള്ള തുടർവിവരങ്ങൾ യാതൊന്നും ലഭ്യമാക്കാതെ 30-9-2005-ലെ ഫയൽ തന്നെയാണ് വീണ്ടും സമർപ്പിച്ചിട്ടുള്ളത് എന്നറിയിച്ചുകൊള്ളുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഖണ്ഡികയിന്മേലുള്ള ആഡിറ്റ് തടസ്സം നിലനിർത്താവുന്നതാണ്.

<u>തുടർശിപാർശ</u>

1.1.4 **പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ച്, പൂർത്തിയാക്കാൻ ബാക്കിയുള്ള മൂന്ന് മരാമത്തു പ്രവൃത്തികൾ സംബന്ധിച്ചുള്ള തുടർവിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 58</u>

1.2.1 പ്രവൃത്തിയുടെ നേരിട്ടുള്ള ഉത്തരവാദിത്വം കൺവീനർക്കായതിനാൽ കൺവീനർക്ക് നോട്ടീസ് കൊടുത്തുകൊണ്ട് തുക തിരിച്ചുപിടിക്കണമെന്നും ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സ്വീകരിച്ച നടപടി

1.2.2 തുക തിരിച്ചടയ്ക്കുവാൻ കൺവീനർ ശ്രീ. വി. പ്രഭാകരൻപിള്ളയ്ക്ക് നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ ടിയാൻ തുക തിരിച്ചടച്ചിട്ടില്ല. ടി സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ആലപ്പുഴ ജില്ലാ കളക്ടർക്ക് ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 24-3-2008-ലെ എ 1-128/00 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

1.2.3 ആർ.ആർ. നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ, സമിതിയുടെ ശിപാർശ പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം

1.2.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി നിർദ്ദേശാനുസരണം ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കൺവീനറായ ശ്രീ. വി. പ്രഭാകരൻപിള്ളയുടെ പേർക്ക് ആർ.ആർ. നടപടി ആരംഭിക്കുകയും ടിയാൾ ബഹു. സർക്കാരിന് നൽകിയ പരാതിയെ തുടർന്നുള്ള അന്വേഷണത്തിൽ ശ്രീ. വി. പ്രഭാകരൻപിള്ള വർക്കിന്റെ കൺവീനർ അല്ലായെന്നും സബ്കമ്മിറ്റിയാണ് വർക്കിന്റെ കൺവീനർ എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബഹു. ഗവൺമെന്റ് സെക്രട്ടറിയുടെ 14-1-2011-ലെ 56190/എ.ബി1/10/തദ്ദേശസ്വയംഭരണ വകുപ്പ് കത്ത് പ്രകാരം വർക്കിന്റെ എഞ്ചിനീയർമാരായ ശ്രീ. പി. ഭാമൻ, ശ്രീ. വിജയൻ എന്നിവരിൽ നിന്നും തുക ഈടാക്കാൻ നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31-3-2011-ലെ 12/31077-ാം നമ്പർ രസീത് പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. കൂടാതെ ബഹു. സർക്കാരിന്റെ 29-7-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1809/11/തദ്ദേശസ്വയംഭരണ ഉത്തരവ് പ്രകാരം പിഴപ്പലിശ ഒഴിവാക്കിയിട്ടുണ്ട്.

## അധികവിവരത്തിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.2.5 മറുപടിയെ സാധൂകരിക്കുന്ന രേഖകൾ, കത്തിടപാടുകൾ മുതലായവ ഹാജരാക്കുവാൻ 1-2-2014-ൽ എൽ.എഫ്.ജി.എ 4/80/14 നമ്പർ കത്ത് മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. തുടർന്ന് 10-3-2014-ൽ ഓർമ്മക്കുറിപ്പും അയച്ചുവെങ്കിലും യാതൊരു രേഖകളും പഞ്ചായത്തിൽനിന്ന് ലഭ്യമാക്കിയിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

## സമിതി ആരാഞ്ഞ അധികവിവരം

1.2.6 22-1-2011-ാം തീയതിയിലെ 56190/എ.ബി1/10/ത.സ്വ.ഭ.വ. നമ്പർ സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുള്ള വസ്തുതകളെ അടിസ്ഥാനമാക്കി മേൽനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

## സർക്കാർ സ്വീകരിച്ച നടപടി

1.2.7 ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ 1996-ൽ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നടത്തിയ പഞ്ചായത്ത് ജംഗ്ഷൻ മുതൽ കിഴക്കോട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തിക്ക് അധികം നൽകിയ 11,274 രൂപ കൺവീനറിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് ടിയാന് എതിരെ ആർ.ആർ. നടപടി ആരംഭിക്കുകയും അതിനെതിരെ പ്രഭാകരൻപിള്ള ബഹു. സർക്കാരിന് പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ശ്രീ. പ്രഭാകരൻപിള്ള ടി വർക്കിന്റെ കൺവീനർ അല്ലെന്നും സബ്കമ്മിറ്റി ആണ് വർക്ക് ചെയ്തിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നടത്തിയ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ ബഹു. ഗവൺമെന്റ് സെക്രട്ടറിയുടെ 14-1-2011-ലെ 56190/എ.ബി1/10/തസ്വഭവ. കത്ത് പ്രകാരം ശ്രീ. പ്രഭാകരൻപിള്ളയെ ആർ.ആർ. നടപടിയിൽ നിന്നും ഒഴിവാക്കുകയും ടി വർക്കിന്റെ എഞ്ചിനീയർമാരായ ശ്രീ. പി. ഭാമൻ, ശ്രീ. വിജയൻ എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് നിർദ്ദേശിക്കുകയും ആയത് പ്രകാരം 31-3-2011-ലെ 12/31077-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അധികം നൽകിയ 11,274 രൂപ ഒടുക്കിയിട്ടുണ്ട്. ടി തുക ഒടുക്കിയതിന്റെ രേഖ സർക്കാരിന് ഹാജരാക്കുന്നപക്ഷം പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് ആകുന്നതാണെന്ന് കാണിച്ച് ബഹു. ഗവൺമെന്റ് സെക്രട്ടറി തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ് തിരുവനന്തപുരത്തിന്റെ 26-3-2011-ലെ 56190/തസ്വഭവ. കത്ത് ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കിയ രേഖകൾ അയച്ചിട്ടുള്ളതാണ്. ബഹു. സർക്കാരിന്റെ 29-7-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1809/2011 തസ്വഭവ. ഉത്തരവ് പ്രകാരം റിട്ട. എഞ്ചിനീയർമാരായ ശ്രീ. പി. ഭാമൻ, ശ്രീ. വിജയൻ എന്നിവരെ പിഴപ്പലിശ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഖണ്ഡികയിൽ പ്രതിപാദിച്ച തുക ഒടുക്കിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

## ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ മറുപടി

1.2.8 പരാമർശിത വിഷയത്തിലെ നഷ്ടം 11,274 രൂപ ഈടാക്കുന്നതിന് ഈ പ്രവൃത്തിയുടെ കൺവീനറായ ശ്രീ. പ്രഭാകരൻപിള്ളയ്ക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ചതിനെ തുടർന്ന് ഇയാൾ ബഹു. സർക്കാരിന് പരാതി നൽകിയതിന്റെ

അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നുള്ള അന്വേഷണസംഘം 27-12-2010-ൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തുകയും ശ്രീ. പ്രഭാകരൻപിള്ളയെ ആർ.ആർ. നടപടിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ ശ്രീ. പി. വിജയനേയും എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന നടത്തിയ റിട്ടയേർഡ് എഞ്ചിനീയർ ശ്രീ. ഭാമനിൽ നിന്നും നഷ്ടത്തുക ഈടാക്കുവാനും നിർദ്ദേശിച്ചു. (ബഹു. ഗവൺമെന്റ് സെക്രട്ടറിയുടെ 14-1-2011-ലെ 56190/എ.ബി1/10.ത.സ്വ.ഭ.വ. കത്ത്) ഇത് പ്രകാരം നഷ്ടത്തുകയായ 11,274 രൂപ 31-3-2011-ൽ രസീത് നമ്പർ 12/31077 പ്രകാരം ഗ്രാമപഞ്ചായത്തിൽ ശ്രീ. ഭാമൻ, ശ്രീ. വിജയൻ എന്നിവർ ഒടുക്കുവരുത്തിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ഈ തുക 2-4-2011-ൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (ADCB-ഹരിപ്പാട് A/c No. 237) ഒടുക്ക് വരുത്തിയിട്ടുണ്ട്. ബഹു. സർക്കാരിന്റെ 29-7-2011-ലെ ഉത്തരവ് നമ്പർ (ആർറ്റി.)/1809/2011/തസ്വഭവ. പ്രകാരം റിട്ടയേർഡ് എഞ്ചിനീയർമാരായ ശ്രീ. പി. ഭാമൻ, ശ്രീ. വിജയൻ എന്നിവരെ പിഴപ്പലിശ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

തുടർശിപാർശ

1.2.9 **ആഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് നഷ്ടത്തുക ഈടാക്കുന്നതിനുപകരം ശ്രീ. പ്രഭാകരൻപിള്ളയെ പ്രവൃത്തിയുടെ കൺവീനറായി തെറ്റിദ്ധരിപ്പിച്ച് ടിയാനെതിരെ ബാധ്യത ചുമത്തി റവന്യൂ റിക്കവറി നടപടി ആരംഭിച്ച ഉദ്യോഗസ്ഥർക്കെതിരെ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 22-1-2011-ാം തീയതിയിലെ 56190/എ.ബി1/10/ത.സ്വ.ഭ.വ. നമ്പർ കത്തിൽ പരാമർശിച്ചതിൻ പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ശിപാർശ (ഖണ്ഡിക നമ്പർ 127)

1.3.1 ഇതു സംബന്ധമായി ഫയലുകളും റിപ്പോർട്ടും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് പുനഃപരിശോധനയ്ക്കായി സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

18-9-2008-ൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

1.3.2 ആഡിറ്റ് ഖണ്ഡികയെ സംബന്ധിച്ചുള്ള ഫയലുകളും റിപ്പോർട്ടും ആലപ്പുഴ ലോക്കൽ ഫണ്ട് ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് തഴക്കര കൃഷി ഓഫീസർ 3-10-2007-ലെ കത്ത് സഹിതം സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പരിശോധനാ റിപ്പോർട്ട്</u>

1.3.3 തഴക്കര ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ 3-10-2007-ൽ ആലപ്പുഴ ജില്ല ലോക്കൽ ഫണ്ട് ആഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും ടി രേഖകൾ 25-9-2004-ൽ പരിശോധനയ്ക്ക് ഹാജരാക്കിയതിന്റെ പകർപ്പുകൾ തന്നെയാണെന്ന് കാണുന്നു. കൃഷി ഓഫീസറുടെ മറുപടിയിൽ പദ്ധതി രൂപീകരണവേളയിൽ വാഴയുടെ വിളകാലം കഴിഞ്ഞതിനാലും വളം, കീടനാശിനി തുടങ്ങിയ ഉൽപ്പാദനോപാധികൾ നൽകുവാൻ സാധിക്കാത്തതിനാലുമാണ് തുക പണമായി നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് തഴക്കര ഗ്രാമപഞ്ചായത്തിന്റെ 18-9-2006-ലെ 4(4) നമ്പർ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് തന്നിരിക്കുന്നത്.

1.3.4 തഴക്കര പഞ്ചായത്തിൽ നിന്നും ചെലവഴിക്കാൻ ആകാതെവന്ന തുക വിനിയോഗിച്ചുകൊണ്ട് വാഴകൃഷി പ്രോത്സാഹനം നൽകുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൽ എത്ര തുക, എത്ര യൂണിറ്റ്, നിർവ്വഹണ ഏജൻസി, പ്രവർത്തനങ്ങൾ, മോണിട്ടറിംഗ് മുതലായ വിവരങ്ങൾ അടങ്ങിയിട്ടില്ലാത്തതുകൊണ്ട് ഈ പ്രോജക്ട് സബ്ജക്ട് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി ഡി.പി.സി.-യുടെ തീരുമാനത്തിന് വിധേയമായി അംഗീകാരം നൽകുന്നുവെന്ന് 30-6-1998-ലെ ബി.എൽ.ഇ.സി.-യുടെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡി.പി.സി.-യുടെ അനുമതി ലഭിച്ചിട്ടുള്ള തിന്റെ രേഖ ആഡിറ്റിൽ ഹാജരാക്കിയില്ല.

1.3.5 വാഴകൃഷി വികസനത്തിനായി പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചെങ്കിലും ഈ പദ്ധതി പ്രകാരം ആരുംതന്നെ പുതുതായി വാഴകൃഷി നടത്തിയിട്ടുള്ളതായി കാണുന്നില്ല. പദ്ധതി തുക പണമായി ഏതാനും ആളുകൾക്ക് വിതരണം ചെയ്തു എന്നതു മാത്രമാണ് ഈ പദ്ധതി പ്രകാരം നടന്നിട്ടുള്ളത്. 1,25,000 രൂപ വിതരണം ചെയ്തത് സംബന്ധിച്ചുള്ള രേഖകൾ തന്നെ വളരെ അലക്ഷ്യമായാണ് തയ്യാറാക്കിയിട്ടുള്ളത്. വിതരണ പത്രികയിൽ തീയതിവയ്ക്കാതെ ഒപ്പുമാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ലാത്ത തിനാൽ ഗുണഭോക്താക്കളുടെ അർഹത, വിതരണ പത്രികയിലെ ഒപ്പിന്റെ കൃത്യത എന്നിവ പരിശോധിക്കുവാൻ ആഡിറ്റിൽ സാധിച്ചിട്ടില്ല എന്നുള്ള കാര്യവും ശ്രദ്ധയിൽപ്പെടുത്തി കൊള്ളുന്നു.

<u>തുടർശിപാർശ</u>

1.3.6 **വാഴകൃഷി വികസനത്തിനായുള്ള പദ്ധതി പ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച വ്യക്തമായ രേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾ, മറ്റ് അനുബന്ധ രേഖകൾ (ഡി.പി.സി.-യുടെ അനുമതിരേഖ മുതലായവ) എന്നിവ ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

### ഖണ്ഡിക നമ്പർ 131

### ശിപാർശ

1.4.1 ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും വിജിലൻസ് വകുപ്പിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

1.4.2 ബന്ധപ്പെട്ട ഫയലുകൾ നാളിതുവരെ വിജിലൻസ് വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് വിജിലൻസ് റിപ്പോർട്ടും രേഖകളും വിജിലൻസ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതായും ടി റിപ്പോർട്ട് നിയമോപദേശത്തിനായി ലീഗൽ അഡ്വൈസർക്ക് കൈമാറിയിരിക്കുകയാണെന്നും വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ആലപ്പുഴ അറിയിച്ചിരിക്കുന്നു.

### തുടർശിപാർശ

1.4.3 **നിയമസഭാ സമിതി നിർദ്ദേശിച്ചിട്ടുള്ള ഫയലുകൾ വിജിലൻസ് വകുപ്പിൽനിന്ന് തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നും പരാമർശവിധേയമായ സംഗതിയിന്മേലുള്ള വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പും ആയതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടിയും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം II

## സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും

### ഖണ്ഡിക നമ്പർ 11

2.1.1 മൂന്ന് ആഡിറ്റ് പരാമർശങ്ങളും ധനദുർവിനിയോഗത്തിന് ഉദാഹരണങ്ങളാണെന്നും ആയതിനാൽ സർച്ചാർജ്ജ് നടപടികളുമായി മുന്നോട്ടുപോകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 നിർദ്ദേശാനുസരണം റവന്യൂ റിക്കവറി നടപടികൾക്കായി ആലപ്പുഴ ജില്ലാ കളക്ടർക്ക് പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25-4-2008-ലെ എ 1/167/2007 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

### സമിതി ആരാഞ്ഞ അധികവിവരം

2.1.3 ആർ.ആർ. നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച ഡി.ഡി.പി.-യുടെ റിപ്പോർട്ട് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരം

2.1.4 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 12-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള തുകയായ 5,27,660 രൂപ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. ആർ. ഗോപാലനിൽ നിന്നും ഈടാക്കുന്നതിന് നിയമാനുസരണ നടപടി സ്വീകരിക്കുകയും 25-4-2008-ൽ ബഹു. ആലപ്പുഴ ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ. ആർ. ഗോപാലൻ ജില്ലാ കളക്ടർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരെ നേരിൽ കേൾക്കുകയും 1-11-2012-ലെ ബി3-23722/2008 നമ്പർ ഉത്തരവ് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടറുടെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റിൽ ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 2,68,183 രൂപയുള്ള പുതുക്കിയ അർത്ഥനാപത്രം സമർപ്പിക്കുന്നതിനും 25-4-2008-ൽ സമർപ്പിച്ച അർത്ഥനാപത്രം മടക്കി അയച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള 2,68,183 രൂപയിൽ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള 166 രൂപ കഴിച്ച് ബാക്കി 2,68,017 രൂപയും നോട്ടീസ് ചെലവും ഉൾപ്പെടെ 2,68,044 രൂപ ഈടാക്കുന്നതിന് 6-11-2012 തീയതിയിൽ ശ്രീ. ആർ. ഗോപാലന് ആർ.ആർ. ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ ടിയാൾ മറുപടി നൽകാത്തതിനാൽ 6-6-2013-ൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറിക്കുള്ള അർത്ഥനാപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

അധികവിവരത്തിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.1.5 മറുപടിയുടെ നിജസ്ഥിതി വ്യക്തമാക്കുന്ന രേഖകളും വിശദീകരണങ്ങളും ആഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു.

ഖണ്ഡിക നമ്പർ 36

2.2 പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നടപടി സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 43

2.3 ഗുണഭോക്താക്കൾക്ക് സാധനങ്ങൾ നൽകിയതിനുള്ള രസീതുകളും സാധനങ്ങൾ വാങ്ങിയതിന്റേയും വിതരണം നടത്തിയതിന്റേയും വിവരങ്ങൾ കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കാത്തത് പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും പരാമർശവിധേയമായ ചെലവുകൾക്ക് അംഗീകാരം നല്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നടപടി സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 52

2.4.1 ആവശ്യത്തിന് പമ്പുസെറ്റും തൊഴിലാളികളും ഇല്ലാതിരുന്നതിനാലാണ് 30-6-1998-ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും തുടർന്ന് രണ്ട് മാസങ്ങൾക്കുശേഷം പണിപൂർത്തിയാക്കിയതായുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെയും പരാമർശം ഒഴിവാക്കാമെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2.4.2 സമിതിയുടെ നിർദ്ദേശപ്രകാരം ആഡിറ്റ് തടസ്സം ഒഴിവാക്കുന്നു.

ഖണ്ഡിക നമ്പർ 56

2.5.1 പഞ്ചായത്തുകളെ സംബന്ധിച്ച ആഡിറ്റ് പരാമർശങ്ങളിന്മേൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ലെന്നും തുടർനടപടി സ്വീകരിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എ.ഡി.പി.മാർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ടെന്നും ആഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ കൃത്യമായി തുടർനടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2.5.2 പഞ്ചായത്തുകളെ സംബന്ധിച്ച് ആഡിറ്റ് പരാമർശങ്ങളിൽ വ്യക്തിപരമായി ശ്രദ്ധചെലുത്തി തുടർനടപടികൾ സ്വീകരിക്കണമെന്ന് എ.ഡി.പി.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ ഓഫീസിൽ നിന്നുള്ള 11-7-2007-ലെ എച്ച് 1-21344/07 നമ്പർ സർക്കുലർ പ്രകാരം ഡി.ഡി.പി./എ.ഡി.പി./ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 57

2.6.1 കൺവീനർക്ക് നോട്ടീസ് നല്കി അനന്തരനടപടികൾ സ്വീകരിക്കണമെന്നുള്ള സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സമിതി ഗൗരവപൂർവ്വം വീക്ഷിക്കുകയും, സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചക്കെതിരെ പഞ്ചായത്ത് ഡയറക്ടർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സ്വീകരിച്ച നടപടി

2.6.2 പരാമർശ വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടറി ശ്രീ. എസ്. പുഷ്കരൻ 28-2-2002-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

ഖണ്ഡിക നമ്പർ 60

2.7 ലോക്കൽ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് തടസ്സം നീക്കിയത് സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 66

2.8.1 ഡി.പി.സി. ആവശ്യപ്പെട്ടിട്ടുള്ള വിശദീകരണം നൽകിയ സാഹചര്യത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.8.2 സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നു.

ഖണ്ഡിക നമ്പർ 71

2.9 പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 75

2.10.1 ഉപ്പേരി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ട് കൺവീനർക്ക് കത്ത് നല്കിയിട്ടും മറുപടി നല്കാത്ത സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.10.2 നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ചിങ്ങോലി ഗ്രാമപഞ്ചായത്ത് ഡി.ഡി.പി. നേരിട്ട് അന്വേഷണം നടത്തുകയുണ്ടായി. റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു: അന്വേഷണം സംബന്ധിച്ച് മുൻകൂർ വിവരം നൽകിയിരുന്നിട്ടും ചിപ്സ് യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും അന്വേഷണത്തിന് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ചെയർമാന്റെ കൈവശമാണെന്നും ടിയാൻ അന്വേഷണ സമയത്ത് നാട്ടിൽ ഇല്ലാതിരുന്നതുകൊണ്ടുമാണ് ആയവ ഹാജരാക്കാൻ സാധിക്കാതിരുന്നതെന്ന് ടി യൂണിറ്റിന്റെ കൺവീനർ കൂടിയായ ശ്രീമതി വനിതാമണി അന്വേഷണ സമയത്ത് മൊഴി നൽകിയത്. 1998-ൽ 37,500 രൂപ നിക്ഷേപവുമായി തുടങ്ങിയ സംരംഭം ഏകദേശം രണ്ടരവർഷം പ്രവർത്തിച്ചുവെന്നും പ്രവർത്തനം നിർത്തിയ അവസരത്തിൽ കൺവീനറുടേയും ചെയർമാന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 18,000 രൂപ ബാക്കിയുണ്ടായിരുന്നതായും ടി തുക നാളിതുവരേയും പിൻവലിച്ചിട്ടില്ലായെന്നും

ടി യൂണിറ്റിന്റെ നടത്തിപ്പിനായി വാങ്ങിയ ഉപകരണങ്ങളും മിഷ്യനുകളും തുരുമ്പ് പിടിച്ച് ഉപയോഗശൂന്യമായ നിലയിൽ ചെയർമാന്റെ കൈവശം സൂക്ഷിച്ചിട്ടുണ്ടെന്നും ശ്രീമതി വനിതാമണി അറിയിച്ചു. ടി ഉപ്പേരി നിർമ്മാണ യൂണിറ്റിന്റെ ചെയർമാന്റേയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിൽ ഉണ്ടായിരുന്ന 18,378 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ ടി യൂണിറ്റിൽ ഉപയോഗിച്ചിരുന്ന ചീനച്ചട്ടി-1, ഉപ്പേരികോരി-1, ത്രാസ്-1, കട്ടികൾ-7, ചിപ്സ് അരിയുന്നതിനുള്ള ഉപകരണങ്ങൾ-3, തുടങ്ങിയവ തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

2.10.3 ഉപ്പേരി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വാങ്ങിയ സാധനസാമഗ്രികൾ തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത് വിറ്റശേഷം ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരം

2.10.4 ഉപ്പേരി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വാങ്ങിയ സാധനസാമഗ്രികളായ ചീനച്ചട്ടി-1, ഉപ്പേരികോരി-1, ത്രാസ്-1, കട്ടികൾ-7, ചിപ്സ് അരിയുന്ന തിനുള്ള ഉപകരണം-3 എന്നിവ തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളവ 19-10-2013 രാവിലെ 11 മണിക്ക് പുനർലേലം നടത്തുകയും ശ്രീ. പുരുഷൻ, മണിഭവനം, ചുളത്തെരുവ് എന്നയാൾക്ക് 200 രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ടി ലേലം ഭരണ സമിതിയുടെ 19-10-2013-ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## അധിക വിവരത്തിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.10.5 മറുപടിയെ സാധൂകരിക്കുന്ന രേഖകൾ, കത്തിടപാടുകൾ മുതലായവ ഹാജരാക്കുവാൻ 1-2-2014-ൽ എൽ.എഫ്.ജി.എ 4/80/14 നമ്പർ കത്ത് മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. തുടർന്ന് 10-3-2014-ൽ ഓർമ്മക്കുറിപ്പും അയച്ചുവെങ്കിലും യാതൊരു രേഖകളും പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

## ഖണ്ഡിക നമ്പർ 78

2.11.1 ഫോട്ടോകോപ്പിയർ വാങ്ങുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും അടച്ച ഒരു ലക്ഷം രൂപ തിരികെ ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2.11.2 സർക്കാരിന്റെ 29-11-2002-ലെ സ.ഉ. (എംഎസ്.) 206/2002/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ ചെലവഴിച്ച് ഫോട്ടോകോപ്പിയർ വാങ്ങുന്നതിനായി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 691 ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപ ക്രമത്തിൽ 691 ലക്ഷം രൂപ പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള ടി.പി. 145-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. സർക്കാരിന്റെ 20-3-2003-ലെ 28/2003/ഫിൻ. നമ്പർ സർക്കുലർ പ്രകാരം ടി.പി. അക്കൗണ്ടിൽ സറണ്ടർ ചെയ്യുകയുണ്ടായി. സ.ഉ. (എംഎസ്.) 300/2004/ത.സ്വ.ഭ.വ. തീയതി 25-10-2004-ലെ ഉത്തരവ് പ്രകാരം ഫോട്ടോകോപ്പിയർ വാങ്ങുന്നതിനായി പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചിട്ടുള്ള തുക അതത് ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരവിപ്പിക്കപ്പെട്ട ടി.പി. 145-ാം നമ്പർ അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക പഞ്ചായത്ത് ഡയറക്ടറുടെ പേർക്ക് പുതുതായി തുടങ്ങിയ സ്പെഷ്യൽ ടി.എസ്.പി. 5285 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതിക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരോട് അപേക്ഷിച്ചിട്ടുണ്ട്. 39096/എഫ്.എം.1/06/ത.സ്വ.ഭ.വ. നമ്പർ ഫയൽ പ്രകാരം നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.11.3 ടി.പി. അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക പഞ്ചായത്ത് ഡയറക്ടറുടെ പേർക്ക് പുതുതായി തുടങ്ങിയ സ്പെഷ്യൽ ടി.എസ്.പി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലെങ്കിൽ എത്രയുംവേഗം ട്രാൻസ്ഫർ ചെയ്യണമെന്ന സമിതി ശിപാർശയിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരം</u>

2.11.4 ചിങ്ങോലി ഗ്രാമപഞ്ചായത്തിന് ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് പഞ്ചായത്ത് നൽകിയ ഒരു ലക്ഷം രൂപ മടക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് വഴി ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന് ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നാണ് തുക വകയിരുത്തിയിട്ടുള്ളത് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ജനറൽ പി.ഡി. അക്കൗണ്ടിൽ

ചെലവഴിക്കാതെ നിക്ഷേപിച്ചിരുന്ന തുക 9-7-2003-ലെ ജി.ഒ. (പി) നമ്പർ 381/2003/ധന. പ്രകാരം ലാപ്സായിട്ടുള്ളതാണ്. ഇപ്രകാരം ലാപ്സായ ഫണ്ടുകൾക്കുപകരമായി അധിക തുക 2003-04-ലെ പദ്ധതി വിഹിതത്തിൽപ്പെടുത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഫോട്ടോകോപ്പിയർ വാങ്ങുന്നതിനായി അടച്ച ഒരു ലക്ഷം രൂപ പഞ്ചായത്തുകൾക്ക് തിരികെ നൽകേണ്ടതില്ല എന്ന് ബഹുമാനപ്പെട്ട കമ്മിറ്റിയെ അറിയിക്കുന്നു.

## അധികവിവരത്തിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.11.5 ലാപ്സായ ഫണ്ടുകൾക്ക് പകരമായി അധിക തുക 2003-04-ലെ പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തിന് ലഭ്യമായതിനാൽ നിയമസഭാ സമിതിയുടെ അന്തിമ തീർപ്പിന് വിധേയമായി ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 86

2.12.1 സംഘം നിയമാവലിയിലെ 37-ാം നിബന്ധന അനുശാസിക്കുന്ന പ്രകാരമുള്ള ഫീസ് യൂണിയനിൽ അടയ്ക്കുന്നതിനും സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള കണക്ക് സൂക്ഷിപ്പും അതിന്മേൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള പരിശോധനയും കൃത്യമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സ്വീകരിച്ച നടപടി

2.12.2 സമിതിയുടെ നിർദ്ദേശാനുസരണം ടി സംഘം 11-7-2007-ൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനിൽ 2006-07 വരെയുള്ള ഫീസ് 900 രൂപ ഒടുക്കിയിട്ടുണ്ട്. അതുപോലെ ഈ സംഘത്തിന്റെ തൻവർഷംവരെയുള്ള ആഡിറ്റ് നടത്തുന്നതിനായി സംഘം സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, കാർത്തികപ്പള്ളിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 87

2.13.1 ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ പരിശോധനാ തീയതിയിലെ നീക്കിയിരുപ്പിന്റെ വിവരം ശേഖരിക്കാൻ കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്യാഷ് ബുക്ക് എഴുതുന്നതിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2.13.2 ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതിന് ഉത്തരവാദികളായ ഹെഡ് ക്ലർക്കുമാരായ ശ്രീമതി കെ. ലക്ഷ്മിക്കുട്ടി, ശ്രീമതി ജെ. കമലമ്മ എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാളുകൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല. 4/97 മുതൽ 31-9-2007 വരെ സെക്രട്ടറിയായിരുന്ന ശ്രീ. യു. അഷ്റഫിന് കുറ്റപത്രം നൽകിയിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

2.13.3 ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കുക. സമിതി നിർദ്ദേശ പ്രകാരം താഴെപ്പറയുന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. "ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാതിരിക്കുന്നത് ഗുരുതരമായ കുറ്റമാണെന്ന് അറിയിക്കുന്നു".

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം

2.13.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ പ്രകാരം 1997-98 വർഷം ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല എന്ന ന്യൂനത പരിഹരിച്ചിട്ടുണ്ട്. കമലമ്മ, ഹെഡ് ക്ലാർക്ക് (സർവ്വീസിൽ നിന്നും വിരമിച്ചു) അബൂബക്കർ (ഹെഡ് ക്ലാർക്ക്), പി. ശശി, ഹെഡ് ക്ലാർക്ക് (സർവ്വീസിൽ നിന്നും വിരമിച്ചു) എന്നിവരാണ് ടി കാലയളവിൽ ക്യാഷ് ബുക്ക് കൈകാര്യം ചെയ്തിരുന്നത്.

## അധിക വിവരത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.13.5 1997-98 വർഷത്തെ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ടി അപാകത പരിഹരിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

## ഖണ്ഡിക നമ്പർ 97

2.14 ആഡിറ്റ് തടസ്സം ഒഴിവാക്കാമെന്നുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 9-2-2005-ലെ റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു.

## ഖണ്ഡിക നമ്പർ 107

2.15.1 വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച അലോട്ട്മെന്റുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായമായ 3,17,368 രൂപ യഥാസമയം ട്രഷറിയിൽ നൽകാത്തതുമൂലം നഷ്ടപ്പെടാൻ ഇടവരുത്തിയതിന് ഉത്തരവാദിയായവർ ആരെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2.15.2 ആഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി പി. കെ. സുലോചന, എൽ.ഡി. ക്ലാർക്ക് ശ്രീ. എം. കെ. ശശികമാർ എന്നിവർക്ക് 7-3-2008-ൽ കുറ്റപത്രം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

## സമിതി ആരാഞ്ഞ അധികവിവരം

2.15.3 കുറ്റപത്രം നൽകിയത് സംബന്ധിച്ച നടപടി ഏതുവരെയായി എന്നുള്ള റിപ്പോർട്ട് ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരം

2.15.4 അലോട്ട്മെന്റുകൾ ലാപ്സായതിന്റെ ഉത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി പി. കെ. സുലോചന, സെക്ഷൻ ക്ലാർക്ക് ശ്രീ. എം. കെ. ശശികുമാർ (എൽ.ഡി. ക്ലാർക്ക്) എന്നിവരുടെ ഓരോ വാർഷിക ശമ്പള വർദ്ധനവുകൾ വീതം സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടറുടെ ഡി 9-29974/2000 തീയതി 14-7-2009-ാം നമ്പർ ഉത്തരവ് പ്രകാരം നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

## അധികവിവരത്തിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.15.5 ശ്രീമതി പി. കെ. സുലോചന, ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും ഇവരുടേയും, നിലവിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തുവരുന്ന ശ്രീ. എം. കെ. ശശികുമാറിന്റേയും ഓരോ വാർഷിക ശമ്പള വർദ്ധനവ് വീതം സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞത് സംബന്ധിച്ച് ഉത്തരവും, രസീത്, പണമൊടുക്ക് വിവരങ്ങൾ മുഹമ്മ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലെന്നും ടി രേഖകൾ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കുന്നമുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും മുഹമ്മ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 28-3-2014-ലെ സി3/748/14 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 112

2.16.1 പഞ്ചായത്ത് ഡയറക്ടർ ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ച് വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.16.2 ഇതു സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും നടത്തിയ അന്വേഷണ റിപ്പോർട്ട് ഇതു സഹിതം സമർപ്പിച്ചുകൊള്ളുന്നു.

ഖണ്ഡിക നമ്പർ 114

2.17 ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുനഃപരിശോധനയിൽ പരാമർശം തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 123

2.18.1 പ്രാദേശിക നിരക്ക് അനുവദിച്ചത് ചട്ടവിരുദ്ധമാണെന്നും ആയതിനാൽ ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കരുതെന്നും സമിതി അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

2.18.2 ക്വട്ടേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചായിരിക്കണം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തേണ്ടതെന്നും യാതൊരു കാരണവശാലും പ്രാദേശിക നിരക്ക് അനുവദിക്കരുതെന്നുമുള്ള നിർദ്ദേശം 30-9-2009-ലെ എം1.17462/07 നമ്പരായി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1.1.4 | തദ്ദേശസ്വയംഭരണം (തകഴി ഗ്രാമപഞ്ചായത്ത്) | പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ച്, പൂർത്തിയാക്കാൻ ബാക്കിയുള്ള മൂന്ന് മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ചുള്ള തുടർവിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.9 | തദ്ദേശസ്വയംഭരണം (ചിങ്ങോലി ഗ്രാമപഞ്ചായത്ത്) | ആഡിറ്റ് ഖണ്ഡികയിൽ പരാമർശ വിധേയമായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടത്തുക ഈടാക്കുന്നതിനുപകരം ശ്രീ. പ്രഭാകരൻ പിള്ളയെ പ്രവൃത്തിയുടെ കൺവീനറായി തെറ്റിദ്ധരിപ്പിച്ച് ടിയാനെതിരെ ബാധ്യത ചുമത്തി റവന്യൂ റിക്കവറി നടപടി ആരംഭിച്ച ഉദ്യോഗസ്ഥർക്കെതിരെ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 22-1-2011-ാം തീയതിയിലെ 56190/എ.ബി1/10/ത.സ്വ.ഭ.വ. നമ്പർ കത്തിൽ പരാമർശിച്ചതിൻ പ്രകാരം സ്വീകരിച്ച അച്ചടക്കനടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.3.6 | തദ്ദേശസ്വയംഭരണം (തഴക്കര ഗ്രാമപഞ്ചായത്ത്) | വാഴകൃഷി വികസനത്തിനായുള്ള പദ്ധതി പ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച വ്യക്തമായ രേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾ, മറ്റ് അനുബന്ധ രേഖകൾ (ഡി.പി.സി.-യുടെ അനുമതിരേഖ മുതലായവ) എന്നിവ ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 1.4.3 | തദ്ദേശസ്വയംഭരണം (വെളിയനാട് ഗ്രാമപഞ്ചായത്ത്) | നിയമസഭാ സമിതി നിർദ്ദേശിച്ചിട്ടുള്ള ഫയലുകൾ വിജിലൻസ് വകുപ്പിൽ നിന്ന് തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നും പരാമർശ വിധേയമായ സംഗതിയിന്മേലുള്ള വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പും ആയതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടിയും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |